പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2130 — 1.2.2018 ൽ മറുപടിയ്ക്ക്

## സ്വാവലംബൻ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ചോദ്യം — മറുപടി

ശ്രീ.പാറക്കൽ അബ്ദുല്ല — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കുള്ള സ്വാവലംബൻ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനം നിലക്കുകയുണ്ടായോ; | (എ) സ്വാവലംബൻ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയം ദി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡ് വഴിയാണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. അന്ധത, കാഴ്ചക്കുറവ്, കുഷ്ഠരോഗം ചികിത്സിച്ച് ഭേദമായവർ, കേഴ്വി പ്രശ്നം, ചലന വൈകല്യം, ബുദ്ധിമാന്ദ്യം, മാനസിക രോഗം എന്നീ ഏഴ് വിഭാഗങ്ങളിൽപ്പെട്ട, 0-65 പ്രായപരിധിയിലുള്ള, 1995 ലെ PwD Act പ്രകാരമുള്ള അംഗപരിമിത സർട്ടിഫിക്കറ്റ് ഉള്ള, 3 ലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക കുടുംബ വരുമാനമുള്ള അംഗപരിമിതരാണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾപ്രകാരം പ്രതിവർഷം പരമാവധി 2 ലക്ഷം രൂപ എന്ന പരിധിക്കുവിധേയമായി ഒരുകുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപേക്ഷകർ വിവാഹിതരാണെങ്കിൽ, അപേക്ഷകരെക്കൂടാതെ ഭാര്യ/ഭർത്താവ്, മൂന്നുമാസത്തിനും 25 വയസ്സിനും ഇടയിൽ പ്രായമുള്ള ആശ്രിതരായ 2 കുട്ടികൾ |

എന്നിവർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന മക്കൾക്കും മാതാപിതാക്കളെ ആശ്രയിച്ച് കഴിയുന്ന അവിവാഹിതരായ പെൺമക്കൾക്കും 25 വയസ്സ് എന്ന പ്രായപരിധി ഇല്ലാതെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ അംഗപരിമിതരാണ് അപേക്ഷകരെങ്കിൽ ആ വ്യക്തിക്കുമാത്രമായിരിക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. അപേക്ഷകർ പ്രായപൂർത്തിയാകാത്തവരാണെങ്കിൽ അപേക്ഷകരെക്കൂടാതെ മാതാപിതാക്കൾ അല്ലെങ്കിൽ നിയമപരമായ രക്ഷിതാവ് (Legal Guardian) എന്നിവർകൂടി ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായിരിക്കും. ഈ പദ്ധതിയിൽ ചേരുന്നതിനുള്ള പ്രീമിയം 3100/- രൂപയാണ്. ഇതിൽ 357/- രൂപ ഗുണഭോക്താക്കൾ അടക്കേണ്ടതും ബാക്കി തുക കേന്ദ്ര ഗവൺമെന്റ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയുമാണ് ചെയ്യുന്നത്.

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357/- രൂപ ഗവൺമെന്റ് അടക്കുവാൻ തീരുമാനിക്കുകയും ആദ്യഘട്ടമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357/- രൂപ നിരക്കിൽ 3,57,00,000/- രൂപ 2017 മാർച്ച് [illegible] ഇൻഷ്വറൻസ് കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ഇവരുടെ എൻറോൾമെന്റ് നടത്തിയിട്ടില്ല. ഗുണഭോക്തൃ

| | |
|---|---|
| | വിഹിതം ഇൻഷ്വറൻസ് കമ്പനിയിൽ നേരിട്ട് അടച്ചും അർഹരായ അംഗപരിമിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാവുന്നതാണ്. |
| (ബി) പദ്ധതിയിൽ പ്രീമിയം അടച്ചവർക്ക് ഇൻഷുറൻസ് കാർഡ് നൽകുന്നത് ഇപ്പോൾ നിലച്ചിട്ടുണ്ടോ; | (ബി) 2016-17-സാമ്പത്തിക വർഷം, കേരള സർക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1 ലക്ഷം ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതമായ 3,57,00,000/ രൂപ (മൂന്നുകോടി അമ്പത്തിയേഴുലക്ഷം രൂപ മാത്രം) ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആർക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്ത് ഈ പദ്ധതിയിൽ ചേരാൻ മൂന്നുലക്ഷത്തോളം കുടുംബങ്ങൾ ഉണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (സി) അർഹരായ മുഴുവൻ അംഗപരിമിതർക്കും ഘട്ടങ്ങളായി സ്വാവലംബൻ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. |
| (ഡി) എങ്കിൽ പദ്ധതി പ്രവർത്തനം എന്നത്തേക്ക് പുനരാരംഭിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) സ്വാവലംബൻ പദ്ധതി നിർവ്വഹണം സംബന്ധിച്ച തീരുമാനങ്ങൾ കേന്ദ്ര ഗവൺമെന്റ് തലത്തിൽ ആണ് കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ